**ഗ്രാം ന്യായാലയ കോടതി നെടുംകണ്ടം**
**ഹാജർ:- ശ്രീമതി ഹരിത ജി.എച്ച്, ന്യായാധികാരി, നെടുംകണ്ടം**
**2026 ജൂൺ മാസം 15-ാം തീയതി തിങ്കളാഴ്ച/1948 ജ്യേഷ്ഠം 25-ാം തീയതി**

**എസ്സ്.റ്റി. 12/2026**
**(കുറ്റകൃത്യ നമ്പർ 38/2026 ഉടുംമ്പൻചോല പോലീസ് സ്റ്റേഷൻ)**

**പരാതിക്കാരൻ** :- കേരളാസർക്കാരിനു വേണ്ടി സബ്ബ് ഇൻസ്പെക്ടർ, ഉടുംമ്പൻ ചോല പോലീസ് സ്റ്റേഷൻ (കുറ്റകൃത്യ നമ്പർ- 38/2026)

(അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ, നെടുങ്കണ്ടം പ്രതിനിധാനം ചെയ്യുന്നു)

**കുറ്റാരോപിതൻ** വിനോദ് എ ആർ, S/o രവീന്ദ്രൻ വയസ്സ് 46, ആണ്ടുകുന്നേൽ വീട്, മുക്കുടിൽ പി ഓ, കാന്തിപ്പാറ വില്ലേജ്, ഉടുമ്പഞ്ചോല.

**(അഡ്വക്കേറ്റ്- പി.കെ.വിനോജ്കുമാർ)**

**കുറ്റം** :- ഭാരതീയ ന്യായ സംഹിത 115(2) 351 (2) & ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ സംരക്ഷണ നിയമം 31 (1) എന്നീ വകുപ്പുകൾ പ്രകാരം.

**പ്രതിയുടെ വാദം** :- കുറ്റക്കാരനല്ല

**കണ്ടെത്തൽ** :- കുറ്റക്കാരനല്ല

**വിധി/ നിർണ്ണയം** :- പ്രതിയെ ഭാരതീയ ന്യായ സംഹിത 115(2) 351 (2) & ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ സംരക്ഷണ നിയമം 31 (1) എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ നിന്നും കുറ്റവിമുക്തനാക്കി, ഭാരതീയ നാഗരിക സുരക്ഷ സംഹിത 278 (2) വകുപ്പ് പ്രകാരം വെറുതെ വിട്ടിരിക്കുന്നു.

**കുറ്റാരോപിതരെ സംബന്ധിച്ചുള്ള വിവരം:**

| പേര് | വയസ്സ് | പിതാവിന്റെ/ ഭർത്താവിന്റെ പേര് | തൊഴിൽ | താമസസ്ഥലം | താലൂക്ക് |
|---|---|---|---|---|---|
| വിനോദ് എ ആർ | 46 | രവീന്ദ്രൻ | - | കാന്തിപ്പാറ | ഉടുമ്പൻചോല |

**തീയതികൾ**

| സംഭവം നടന്നത് | പരാതി നൽകിയത് | കുറ്റാരോപിതരെ പിടികൂടിയത് | ജാമ്യത്തിൽ വിട്ടയച്ചത് | വിചാരണ തുടങ്ങിയത് | വിചാരണ പൂർത്തിയായത് | വിധി പ്രസ്ഥാവിച്ചത് |
|---|---|---|---|---|---|---|
| 19.1.2026 | 28.1.2026 | 29.1.2026 | 3.2.2026 | 9.6.2026 | 12.6.2026 | 15.6.2025 |

ഈ സംഗതി 12.6.2026-ാം തീയതി വാദം കേൾക്കുന്നതിനായി പരിഗണിക്കുകയും 15.6.2026 തീയതി താഴെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്തു.

<u>**വിധി സാരം**</u>

ഈ കേസ് കുറ്റാരോപിതന്റെ മേൽ ഉടുംമ്പൻചോല പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 38/2026 ആയി സബ്ബ് ഇൻസ്പെക്ടർ ഫയൽ ചെയ്ത അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രതിയെ ഭാരതീയ ന്യായ സംഹിത 115(2), 351(2), ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ സംരക്ഷണ നിയമം 31(1) എന്നീ വകുപ്പുകൾ പ്രകാരമുള്ള പ്രകാരം ശിക്ഷ ലഭിക്കുന്ന കുറ്റങ്ങൾ ചെയ്തതായി ആരോപിച്ച് എടുത്ത കേസാകുന്നു.

2. <u>**പ്രോസിക്യൂഷൻ ഭാഗം സംഗതിയുടെ ചുരുക്കം താഴെ പറയും പ്രകാരമാണ്:-**</u>

19.1.2026 തീയതി വൈകി ആറുമണിക്ക് ബഹുമാനപ്പെട്ട നെടുങ്കണ്ടം ഗ്രാമ ന്യായാലയ കോടതിയുടെ എംസി 9/25 പ്രകാരമുള്ള ഉത്തരവ് നിലനിൽക്കെ ആയതിനു വിരുദ്ധമായി പ്രതിയുടെ ഭാര്യയായ ഒന്നാം സാക്ഷിയോടുണ്ടായിരുന്ന വിരോധം നിമിത്തം ഒന്നാം സാക്ഷിയും പ്രതിയും കുടുംബമായി താമസിച്ചു വന്നിരുന്ന കാന്തിപ്പാറ വില്ലേജിൽ മുക്കുടിൽക്കരയിൽ ആണ്ടുകുന്നേൽ വീട്ടിൽ വച്ച് പ്രതി ഒന്നാം സാക്ഷിയുടെ കഴുത്തിൽ പിടിച്ച് ഞെക്കിയശേഷം കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി മരണഭയം ഉളവാക്കിയും നെഞ്ചിൽ ചവിട്ടിയ ശേഷം ഇരുകൈയിലും പിടിച്ച് വലിക്കുകയും കൈക്കുഴയിൽ പിടിച്ച് തിരിച്ച് വേദനിപ്പിക്കുകയും ബഹുമാനപ്പെട്ട നെടുങ്കണ്ടം ഗ്രാമ ന്യായാലയ കോടതിയുടെ MC 9/25 ഉത്തരവ് ലംഘിച്ച് പ്രതി ഭാരതീയ ന്യായ സംഹിത 115(2), 351 (2) & ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ സംരക്ഷണ നിയമം 31 (1) എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്തിരിക്കുന്നു എന്നുള്ളതാണ്.

3. സമൻസ് ലഭിച്ചതിനെ തുടർന്ന് പ്രതി കോടതി മുമ്പാകെ ഹാജരാകുകയും പ്രതിക്ക് ഭാരതീയ നാഗരിക സുരക്ഷ സംഹിത 230-ാം വകുപ്പ് പ്രകാരം എല്ലാ പ്രോസിക്യൂഷൻ രേഖകളുടേയും പകർപ്പുകൾ നൽകിയിട്ടുള്ളതുമാണ്. ഇരുവിഭാഗം വാദം കേട്ടശേഷം ഭാരതീയ ന്യായ സംഹിത 115(2), 351 (2) & ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ

സംരക്ഷണ നിയമം 31 (1) എന്നീ വകുപ്പകൾ പ്രകാരമുള്ള കുറ്റകൃത്യങ്ങൾ പ്രതിയെ വായിച്ച കേൾപ്പിച്ച് വിശദീകരിച്ചു. പ്രതി താൻ കുറ്റകൃത്യങ്ങൾ ചെയ്തിട്ടില്ലെന്ന് പറയുകയുണ്ടായി.

4. പ്രോസിക്യൂഷൻ ഭാഗത്തിന്റെ സംഗതി/കേസ് സ്ഥിരീകരിക്കുന്നതിനു വേണ്ടി PW1 നെ വിസ്തരിച്ചിട്ടുള്ളതും Ext.P1 – പ്രഥമ വിവരമൊഴി തെളിവിലേക്കായി അക്കമിട്ട് രേഖപ്പെടുത്തിയിട്ടുള്ളതും ആണ്. മറ്റു സാക്ഷികളുടെ വിസ്താരം ബഹുമാനപ്പെട്ട അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ ഒഴിവാക്കിയിട്ടുള്ളതാണ്. പ്രതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തെളിയിക്കാൻ ആവശ്യമായ യാതൊരു തെളിവുകളും കോടതിമുമ്പാകെ ഹാജരാക്കാത്തതിനാൽ പ്രതിയെ ഭാരതീയ നാഗരിക സുരക്ഷ സംഹിത 351 (1) (b) പ്രകാരം ചോദ്യം ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

5. ഇരു ഭാഗത്തെയും വാദം കേട്ടു. രേഖകൾ പരിശോധിച്ചു.

6. <u>**ഈ കേസിൽ നിർണ്ണയത്തിനായി ഉയർന്നു വന്ന പോയിന്റുകൾ ഇവയെല്ലാമാണ്:-**</u>

1. പ്രോസിക്യൂഷൻ ആരോപിക്കും പ്രകാരം പ്രതി 19.1.2026 തീയതി വൈകി ആറുമണിക്ക് ആവലാതിക്കാരിയെ മനഃപൂർവ്വം ദേഹോപദ്രവം ഏൽപ്പിച്ച് ഭാരതീയ ന്യായ സംഹിത 115(2) വകുപ്പ പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
2. പ്രോസിക്യൂഷൻ ഭാഗം ആരോപിക്കും പ്രകാരം പ്രതി ഒന്നാം സാക്ഷിയെ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി ഭാരതീയ ന്യായ സംഹിത 351 (2) വകുപ്പ പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ?
3. പ്രോസിക്യൂഷൻ ആരോപിക്കും പ്രകാരം പ്രതി ഒന്നാം സാക്ഷിക്ക് നെടുംകണ്ടം ന്യായാലയ കോടതിയിൽ നിന്നും ലഭിച്ച ഉത്തരവിനെതിരായി ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ സംരക്ഷണ നിയമം 31(1)–ാം വകുപ്പ പ്രകാരമുള്ള കുറ്റം ചെയ്തിട്ടുണ്ടോ ?
4. കുറ്റക്കാരനാണെന്നു കണ്ടെത്തിയാൽ നൽകേണ്ട ഉചിതമായ ശിക്ഷ എന്താണ് ?

<u>**ഈ കേസിലെ തെളിവുകൾ വിശകലനം ചെയ്യുന്നതിന്റെ സൗകര്യത്തിലേക്കു ഒന്നു മുതൽ മൂന്നു വരെ പോയിന്റുകൾ ഒരുമിച്ചു പരിഗണനക്ക് എടുത്തിട്ടുള്ളതാണ്:-**</u>

7. <u>**പോയിന്റ് 1 മുതൽ 3 വരെ**</u> :- ഈ കേസിലെ ആവലാതിക്കാരിയെ PW1 ആയി വിസ്തരിച്ചതിൽ പ്രതി തന്റെ ഭർത്താവാണെന്നും കേസിന് ആസ്പദമായ സംഭവം നടന്നത് 19.1.2026 തീയതി വൈകുന്നേരം ആറുമണിക്കാണെന്നും സംഭവം നടന്നത് കാന്തിപ്പാറ വില്ലേജിലുള്ള തന്റെ വീട്ടിൽ വച്ചാണെന്നും അന്നേദിവസം ആരൊക്കെയോ ചേർന്ന് തന്നെ കൊല്ലുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തി കൈകൊണ്ട് ഉപദ്രവിക്കുകയും ചെയ്തു എന്നും സംഭവത്തെ സംബന്ധിച്ച് ഉടുമ്പഞ്ചോല പോലീസ് സ്റ്റേഷനിൽ മൊഴി നൽകി എന്നും അതാണ് Ext.P1 എന്നും, ഒന്നിൽ കൂടുതൽ ആളുകൾ ഉണ്ടായിരുന്നതിനാൽ ആരാണ്

തന്നെ ഉപദ്രവിച്ചത് എന്നും ഭീഷണിപ്പെടുത്തിയത് എന്നും അറിയില്ല എന്നും ഭർത്താവിന്റെ പേര് സംശയത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞുകൊടുത്തത് എന്നും പ്രോസിക്യൂഷന് എതിരായി മൊഴി നൽകി. ആദരണീയനായ അസിസ്റ്റൻറ് പബ്ലിക് പ്രോസിക്യൂട്ടർ വിശദമായി ടിയാളെ ക്രോസ് വിസ്താരം നടത്തിയെങ്കിലും പ്രോസിക്യൂഷൻ ഭാഗം ബലപ്പെടുത്തുന്ന ഒരു തെളിവും കൊണ്ടുവരാൻ ആയില്ല.

8. പ്രോസിക്യൂഷൻ ആശ്രയിക്കുന്ന മറ്റു സാക്ഷികളെ ആദരണീയനായ അസിസ്റ്റന്റ് പബ്ലിക് പ്രോസീക്യൂട്ടർ ഒഴിവാക്കിയിട്ടുള്ളതാണ്. പ്രോസിക്യൂഷൻ ആശ്രയിക്കുന്ന പ്രധാനപ്പെട്ട സാക്ഷി പ്രോസിക്യൂഷന് എതിരായി മൊഴി നൽകിയതിനാൽ പ്രോസിക്യൂഷൻ ആശ്രയിക്കുന്ന സംഭവം യാതൊരു തരത്തിലും മെച്ചപ്പെടുത്താൻ സാധിക്കുന്നില്ല എന്ന് കരുതുന്നു. കുറ്റാരോപിതൻ കുറ്റം ചെയ്തു എന്ന് കാണിക്കാൻ തെളിവുകൾ പര്യാപ്തമല്ല. പ്രോസിക്യൂഷൻ കേസ് സംശയാതീതമായി തെളിയിക്കാൻ പ്രോസിക്യൂഷന് സാധിക്കാതെ വന്നിട്ടുള്ളതിനാൽ കുറ്റാരോപിതനെ കുറ്റവിമുക്തനാക്കണം. ആയതിനാൽ ഒന്നു മുതൽ മൂന്നുവരെ പോയിന്റുകൾ പ്രോസിക്യൂഷന് എതിരായി കണ്ടെത്തിയിരിക്കുന്നു.

9. **<u>പോയിന്റ് നമ്പർ 4 :-</u>**

ഒന്നും രണ്ടും മൂന്നും പോയിന്റുകളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഭാരതീയ ന്യായ സംഹിത 115(2), 351 (2) & ഗാർഹിക പീഡനത്തിൽ നിന്നും ഉള്ള സ്ത്രീ സംരക്ഷണ നിയമം 31 (1) എന്നീ വകുപ്പുകൾ പ്രകാരം പ്രതി കുറ്റക്കാരനല്ലെന്നു ഈ കോടതി കണ്ടെത്തുന്നു. ആയതിനാൽ കുറ്റാരോപിതനായ പ്രതിയെ ഭാരതീയ നാഗരിക സുരക്ഷ സംഹിത 278 (1) വകുപ്പ് പ്രകാരം കുറ്റവിമുക്തനാക്കുന്നു. പ്രതിയുടെ ജാമ്യാപേക്ഷ റദ്ദാക്കി, പ്രതിയെ സ്വാതന്ത്രനാക്കിയിരിക്കുന്നു.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന് പറഞ്ഞുകൊടുത്ത് ടിയാൾ രേഖപ്പെടുത്തി തയ്യാറാക്കി തന്നത് തെറ്റതിരുത്തലുകൾ വരുത്തി 2026 ജൂൺ മാസം 15–ാം തീയതി തുറന്ന കോടതിയിൽ പ്രഖ്യാപിച്ചിരിക്കുന്നു.)

(ഒപ്പ്)
ന്യായാധികാരി
ഗ്രാം ന്യായാലയ, നെടുംകണ്ടം

**അനുബന്ധം**

**പ്രോസിക്യൂഷൻ ഭാഗത്തു നിന്നും തെളിവിലേക്ക് പ്രോസിക്യൂഷന് വേണ്ടി തെളിവ് നൽകിയവർ**

| **പ്രോസിക്യൂഷൻ സാക്ഷികളുടെ നമ്പർ** | **സാക്ഷികളുടെ പേര്** | **വിവരണം** |
|---|---|---|
| PW1 | ഷീലകുമാരി | ആവലാതിക്കാരി |

**പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് ഹാജരാക്കിയ പ്രമാണം**

| **പ്രമാണങ്ങളുടെ നമ്പർ** | **പ്രമാണങ്ങളുടെ വിവരണം** | **ആരാൽ തെളിയ്ക്കപ്പെട്ടു/സാക്ഷ്യപ്പെടുത്തി** |
|---|---|---|
| P1 | എഫ്.ഐ.എസ് dtd.28.1.2026 | PW-1 |

| | | |
|---|---|---|
| എതിർ കക്ഷിഭാഗം സാക്ഷികൾ | : | ഇല്ല |
| എതിർ ഭാഗത്ത് നിന്നും തെളിവിലേക്ക് | : | ഇല്ല |

| **തൊണ്ടി മുതലുകൾ** | **വിവരണം** | **ആരാൽ തെളിയ്ക്കപ്പെട്ടു/സാക്ഷ്യപ്പെടുത്തി** |
|---|---|---|
| ഇല്ല | - | - |

(ഒപ്പ്)
ന്യായാധികാരി
ഗ്രാം ന്യായാലയ, നെടുംകണ്ടം

//ശരിപ്പകർപ്പ്//

ന്യായാധികാരി
ഗ്രാം ന്യായാലയ, നെടുംകണ്ടം